# "നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും" (അ.പ്ര. 1:8)

## വിചിന്തനം

വിശുദ്ധ സ്തേഫാനോസിന്റെ സാക്ഷ്യത്തെക്കുറിച്ചും അതു അനുകരിക്കാനുള്ള നമ്മുടെ വിളിയെക്കുറിച്ചുമുള്ള ഫ്രാൻസിസ് പാപ്പയുടെ വിചിന്തനം നമ്മെ വെല്ലുവിളിക്കുന്നതാണ്. ക്രിസ്തുമതം ആദർശങ്ങളുടെ ഒരു വിദ്യാലയമല്ല, മനോഹരമായ പള്ളികളുടെയും മനോജ്ഞമായ കലയുടെയും ശേഖരമോ അല്ല; അത് യേശുവിനെ അനുഗമിക്കുകയും അവിടത്തേക്ക് ഓരോ ദിവസവും സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന സജീവമായ ഒരു ജനതയാണ്. ഞാൻ യേശുവിനു സാക്ഷ്യം വഹിക്കുന്ന ക്രിസ്ത്യാനിയാണോ? അതോ, എന്റെ ക്രൈസ്തവ ജീവിതാന്തസ്സിൽ എന്നെ മുന്നോട്ടു നയിക്കാൻ പരിശുദ്ധാത്മാവിനെ അനുവദിക്കാനാവാതെ, ഈ മതവിഭാഗത്തിൽ തുടരുന്ന വെറുമൊരു അംഗം മാത്രമാണോ? സാക്ഷ്യം വഹിക്കാത്ത ക്രിസ്ത്യാനി തീർച്ചയായും ഒരു ചോദ്യചിഹ്നമാണ്! ക്രൈസ്തവ സാക്ഷ്യം, ചിലപ്പോഴെല്ലാം എത്തിനില്ക്കുക സ്വന്തം ജീവൻ നല്കുന്നതിലാണ്. സാക്ഷ്യംവഹിക്കുന്നത് എപ്പോഴും ഫലം പുറപ്പെടുവിക്കുന്നു, അത് ദൈനംദിന ജീവിതത്തിലോ, വളരെയധികം ക്ലേശപൂർണമായ സമയങ്ങളിലോ, മതപീഡനങ്ങളിലോ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നതാവാം, അതുമല്ലെങ്കിൽ ജീവൻപോലും പരിത്യജിച്ചുകൊണ്ടുള്ള സാക്ഷ്യപ്പെടുത്തലാവാം. ക്രിസ്തു തങ്ങൾക്കു നല്കിയ നവജീവൻ മറ്റുള്ളവർക്കു നല്കാത്ത ക്രൈസ്തവൻ ഫലം പുറപ്പെടുവിക്കാത്തവനായി അവശേഷിക്കുന്നു. സാക്ഷ്യത്തിന്റെ പാത സ്വീകരിക്കുവാൻ നമ്മെ കരുത്തുള്ളവരാക്കുന്നത് പരിശുദ്ധാത്മാവാണ്.

ക്രിസ്തീയസാക്ഷ്യത്തിന്റെ സൗന്ദര്യം ക്രിസ്തീയതയുടെ സൗന്ദര്യം പ്രകടമാക്കുകയും അതിന്റെ ഭാവി ഭാസുരമാക്കുകയും ചെയ്യുന്നു. നമ്മുടെ ജീവിതം സദ്വാർത്തയുടെ സൗന്ദര്യം വെളിവാക്കുന്നില്ലെങ്കിൽ നാമതു പ്രഘോഷിക്കുന്നതിൽ എങ്ങനെ വിശ്വാസയോഗ്യതയുള്ളവരാകും? 'ദൈവത്തിന്റെ സൗന്ദര്യത്താലും അവിടത്തെ സത്യത്തിന്റെ പൂർണതയാലും ക്രമാനുഗതമായി രൂപാന്തരപെടുവാൻ തക്കവിധം അവയിൽ ആകൃഷ്ടനാകുന്നയാളാണ് ഒരു വിശുദ്ധൻ. ഈ സൗന്ദര്യത്തിനും സത്യത്തിനും വേണ്ടി സകലതും, തന്നെ തന്നെയും പരിത്യജിക്കുവാൻ അവൻ സന്നദ്ധനാകുന്നു' (ബെനഡിക്ട് പതിനാറാമൻ പാപ്പ). പരിശുദ്ധാത്മാവിന്റെ ഈ ആന്തരിക രൂപാന്തരീകരണ പ്രവർത്തനം കർത്താവിനാൽ അറിയപ്പെടുന്നതിന്റെയും അവിടത്തെ വ്യക്തിപരമായി അറിയുന്നതിന്റെയും മനോഹാരിത ലോകത്തോടു പ്രഖ്യാപിക്കാൻ ശേഷിയുള്ള വിശ്വാസയോഗ്യമായ സാക്ഷികളെ ഉയർത്തും. അത്തരമൊരു വ്യക്തിക്ക് വിശുദ്ധ യോഹന്നാനേപ്പോലെ ആഹ്ലാദപൂർവം പ്രഖ്യാപിക്കാനാകും: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു'(1 യോഹ. 1,1).

വിശുദ്ധ ജോൺ പോൾ രണ്ടാമൻ സുദൃഢമായ സാക്ഷ്യങ്ങൾ ഉള്ള വ്യക്തികളെ ഉയർത്തിക്കൊണ്ടുവരുന്നതിൽ സഭാത്മക മുന്നേറ്റങ്ങൾക്കുള്ള പങ്കിനെ വിലമതിച്ചിരുന്നു. 'സുദൃഢമായ സാക്ഷ്യത്തിന്റെയും ഉറപ്പുള്ളതും അഗാധവുമായ ക്രൈസ്തവ രൂപവല്ക്കരണത്തിന്റെയും അടിയന്തിര ആവശ്യമിന്നുണ്ട്.' ഈ സുദൃഢമായ സാക്ഷ്യമാണ്, ജീസസ് യൂത്ത് എന്ന നിലയിൽ നാം വീട്ടിലും, അയൽപക്കത്തും, കലാലയ പരിസരങ്ങളിലും, സ്കൂളുകളിലും, നഗരങ്ങളിലും, ഗ്രാമങ്ങളിലും, തൊഴിലിടങ്ങളിലും, കായികവേദികളിലും നല്കേണ്ടത്. വിശ്വാസയോഗ്യവും ആഹ്ലാദഭരിതവുമായ സാക്ഷ്യപ്പെടുത്തൽ, സദ്വാർത്തയുടെ പ്രഘോഷണം സ്വീകരിക്കാൻ ചുറ്റുമുള്ളവരുടെ ഹൃദയങ്ങളെ സജ്ജമാക്കും.

ക്രിസ്തുവിൽ നാം അനുഭവിക്കുന്ന ഈ സൗന്ദര്യത്തിനു സാക്ഷ്യം വഹിക്കുന്നതിന് എന്താണ് ഏറ്റവും വലിയ തടസ്സം? അതു ഭയമല്ലേ? സുഹൃത്തുക്കളും വീട്ടുകാരും തിരസ്കരിക്കുമെന്ന ഭയം; പരിഹാസ്യനാകുമെന്ന ഭയം, ചോദ്യങ്ങൾ ഉന്നയിക്കുന്നവരെ ബോധ്യപ്പെടുത്താൻ കഴിയുമോ എന്ന ഭയം? പക്ഷേ, നാം തനിച്ചല്ല. ഭയമായിരുന്നു അപ്പസ്തോലന്മാരുടെയും ഏറ്റവും വലിയ തടസ്സം. പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും ശക്തിയുമാണ് അവരുടെ ഭയമകറ്റിയതും (അ. പ്ര.1,8;4,31) അവിടത്തെ സാക്ഷികളാകാൻ അവരെ ശക്തരാക്കിയതും. നാമനുവദിക്കുമെങ്കിൽ, ആ സാന്നിധ്യവും ശക്തിയും നമ്മെയും ശക്തരാക്കും.

ജ്ഞാനസ്നാനം സ്വീകരിച്ച ക്രൈസ്തവൻ എന്ന നിലയിൽ ഞാൻ അവിടത്തെ സാക്ഷിയാണ്. അറിഞ്ഞോ അറിയാതെയോ ഞാൻ ജീവിക്കുന്ന രീതി ക്രിസ്തുവിനെ കണ്ടുമുട്ടാനോ തിരസ്കരിക്കാനോ എന്നെ കണ്ടുമുട്ടുന്നവർക്ക് വഴി ഒരുക്കുന്നു. ഈ ഭാരിച്ച ഉത്തരവാദിത്വത്തിൽനിന്ന് അതിവിനയപൂർവം ഒഴിഞ്ഞുമാറാതെ നമ്മെ സജ്ജരാക്കുന്ന അവിടത്തെ കൃപയ്ക്കു നമ്മെതന്നെ അടിയറവുവയ്ക്കാം. അനുദിനം ദൈവം ചുംബിക്കുന്ന നമ്മുടെ ഹൃദയത്തിന്റെ സൗന്ദര്യം ചുറ്റുമുള്ളവരോടു ബന്ധപ്പെടുന്ന ശൈലിയിലൂടെ അവരിലേക്ക് ഒഴുക്കാം. നമ്മുടെ ആർദ്രത, നിസ്വാർഥത, ലാളിത്യം, പരിഗണന, ശുശ്രൂഷാ മനോഭാവം, ധൈര്യം, സുവിശേഷമൂല്യങ്ങളോടുള്ള വിശ്വസ്തത തുടങ്ങിയവ അദൃശ്യനായ ദൈവത്തെ മറ്റുള്ളവർക്കു ദൃശ്യനാക്കും. ബോധ്യവും ഉത്സാഹവും സുനിശ്ചിതത്വവും ഉള്ള സ്നേഹനിർഭരനായ ഒരു വ്യക്തിക്ക് ആരേയും ബോധ്യപ്പെടുത്താനാവും. 'പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും.'' യേശുവിന്റെ ഈ വാക്കുകൾ നമ്മുടെ ഹൃദയത്തിൽ ധൈര്യത്തോടെ കാത്തുസൂക്ഷിക്കുകയും കൃതജ്ഞതാഭരിതരായി അവ ജീവിക്കുകയും ചെയ്യാം.

## വിശുദ്ധയുടെ മൊഴി:

'നമ്മുടെ പ്രവൃത്തികളിലൂടെ നാമെല്ലാവരും പ്രഘോഷകരാകാൻ ശ്രമിക്കണം'

ആവിലായിലെ വിശുദ്ധ തെരേസ

*Prepared by the Jesus Youth International Formation Team. Email: formation@jesusyouth.org*